(ബി) പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിങ്ങനെ രണ്ട് സ്കൂളുകളും പട്ടികജാതി വകുപ്പിന്റെ കീഴിൽ വെള്ളായണി ശ്രീ. അയ്യങ്കാളി മെമ്മോറിയൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളും ഉൾപ്പെടെ മൂന്ന് സ്പോർട്സ് സ്കൂളുകൾ നിലവിലുണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പുതിയ സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. പട്ടികജാതി വകുപ്പിലും പ്രസ്തുത വിഷയം പരിഗണനയിലില്ല. സ്പോർട്സ് വകുപ്പിന് കീഴിൽ കാഞ്ഞിരപ്പള്ളി കന്നുംഭാഗം ഗവ. ഹൈസ്കൂളിനെ സ്പോർട്സ് സ്കൂളാക്കി മാറ്റുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ ഗെയിംസ്

329 (340) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിനായി ആകെ എത്ര തുകയാണ് ചെലവഴിച്ചതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്ര വീതമെന്നും വ്യക്തമാക്കുമോ ;

(ബി) നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ ഗെയിംസിനായി തയ്യാറാക്കിയ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി സംസ്ഥാന കായിക വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) നാഷണൽ ഗെയിംസിനായി അനുവദിച്ച തുക ഇതിന്റെ തുടർപരിപാലനത്തിനായി വക കൊള്ളിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിന്റെ മത്സരയിനങ്ങൾ, സംഘടിപ്പിക്കപ്പെട്ട വേദികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ, മേളയുടെ ഉദ്ഘാടന സമാപന ചടങ്ങുകൾ, കായിക ഉപകരണങ്ങൾ വാങ്ങൽ, ഗെയിംസ് വില്ലേജ് നിർമ്മാണം, താൽക്കാലിക നിർമ്മിതികൾ ഉൾപ്പെടെയുള്ള എല്ലായിനങ്ങൾക്കുമായി ആകെ 449.66 കോടി രൂപയാണ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഈ ചെലവുകളിൽ കേരളത്തിന്റെ കായികരംഗത്തെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഗെയിംസിന്റെ വേദിയല്ലാത്ത സ്റ്റേഡിയങ്ങളുടെ നിർമ്മാണ നവീകരണത്തിനായി ചെലവഴിച്ച 18.09 കോടി രൂപയും ഗെയിംസിന്റെ പ്രചരണത്തിന്റെ ഭാഗമായി സച്ചിൻ ടെൻഡുൽക്കറും കേരളത്തിലെ മൂന്നിലൊന്നു ജനങ്ങളും കൂടി പങ്കെടുത്ത റൺ കേരള റണ്ണിനും അതിന്റെ പരസ്യത്തിനുമായി ചെലവഴിച്ച തുകയും ഉൾപ്പെടുന്നു.

ദേശീയ ഗെയിംസിന്റെ നടത്തിപ്പിനും കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിന്റെ അനുബന്ധ ജോലികൾ നടത്തിയ വകയിലും ആകെ 456.84 കോടി രൂപ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 128.78 കോടി രൂപ (7.78 കോടി എ.സി.എ ഉൾപ്പെടെ) കേന്ദ്ര വിഹിതവും 328.06 കോടി രൂപ സംസ്ഥാന വിഹിതവും ഉൾപ്പെടുന്നു. കൂടാതെ ദേശീയ ഗെയിംസ് വേദികളിലേയ്ക്കുള്ള റോഡുകളുടെ നവീകരണത്തിനായി 50 കോടി രൂപയും ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന് അനുവദിച്ചിട്ടുണ്ട്.

(ബി) 35-ാം ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായിട്ടാണ് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിക്കപ്പെട്ടത്. ദേശീയ ഗെയിംസ് വിജയകരമായി സംഘടിപ്പിക്കപ്പെട്ടെങ്കിലും ഗെയിംസുമായി ബന്ധപ്പെട്ടുള്ള ചെലവുകളുടെ ഏകദേശം 40 കോടി രൂപയുടെ ബില്ലുകൾ കൂടി കൊടുത്തു തീർക്കാനുണ്ട്. കൂടാതെ ഗെയിംസ് വില്ലേജിന്റെ പൊളിച്ചുമാറ്റൽ, ഗെയിംസിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി വാങ്ങിയ സാധനസാമഗ്രികളുടെ കായിക ആവശ്യങ്ങൾക്കും സർക്കാർ വകുപ്പുകൾക്കുള്ള വിതരണം എന്നിവയും പൂർത്തിയാക്കാനുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ്, അക്കൗണ്ടന്റ് ജനറൽ എന്നിവയുടെ ആഡിറ്റ് റിപ്പോർട്ടുകളുടെ മറുപടിയും തയ്യാറാക്കി വരുന്നു. ഇതുകൂടാതെ ഏകദേശം 75 കോടി രൂപയുള്ള ഗെയിംസിതര പ്രോജക്ടുകളും നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ ചുമതലയിൽ അവശേഷിക്കുന്നുണ്ട്.

(സി) 24-2-2015-ലെ സ.ഉ(കൈ) നമ്പർ 9/2015/കാ.യു.വ പ്രകാരം ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണം എന്നിവ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ഡി) ദേശീയ ഗെയിംസിനായി അനുവദിച്ച തുകയിൽ സ്റ്റേഡിയങ്ങളുടെ തുടർ പരിപാലനത്തിനായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്

330 (341) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് സമർപ്പിച്ചിരിക്കുന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ഏതെല്ലാം വകുപ്പുകളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ലബ്ബിന് ഡേ ബോർഡിംഗ് സെന്റർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന് ഡേ ബോർഡിംഗ് സെന്റർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷ സർക്കാർ പരിശോധിച്ചു.

(ബി&സി) സർക്കാർ അംഗീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മാത്രമേ ഡേ ബോർഡിംഗ് സെന്ററുകൾ അനുവദിക്കുവാൻ കഴിയൂ. ആയതിനാൽ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന്റെ ഈ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം ഇതിനകം ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്.

ചാലക്കുടി ഗവൺമെന്റ് കോളേജ്-ഗ്യാലറി നിർമ്മാണം

331 (342) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഗ്യാലറിയും, സിന്തറ്റിക് ഫ്ലോറിംഗും നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly